# കേരളസർവകലാശാല

നം.പി.ആർ.267/2023 തിരുവനന്തപുരം, തീയതി: 18/12/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫീസ് തീയതി നീട്ടി

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്./സി.ആർ. സി.ബി.സി.എസ്.എസ്. – ബി.എ./ബി.എസ്സി/ബി.കോം./ബി.പി.എ./ബി.സി.എ./ ബി.എം.എസ്./ ബി.എസ്.ഡബ്ല്യൂ./ബി.ബി.എ./ബി.വോക്ക്., ജനുവരി 2024 (റെഗുലർ – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2019 - 2021 അഡ്മിഷൻ, മേഴ്സി ചാൻസ് – 2017 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ തീയതി പിഴകൂടാതെ 2023 ഡിസംബർ 21 വരെയും 150 രൂപ പിഴയോടെ ഡിസംബർ 23 വരെയും 400 രൂപ പിഴയോടെ ഡിസംബർ 26 വരെയുമായി നീട്ടിയിരിക്കുന്നു.

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ സ്പേസ് ഫിസിക്സ്, എം.എസ്സി. ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ നാനോ സയൻസ്, എം.എ. വേൾഡ് ഹിസ്റ്ററി ആന്റ് ഹിസ്റ്റോറിയോഗ്രാഫി എന്നീ ന്യൂജനറേഷൻ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷകൾ www.slcm.keralauniversity.ac.in മുഖേന 2023 ഡിസംബർ 21 നകം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. ഫിസിക്സ് (റെഗുലർ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ഡിസംബർ 26 വരെ അപേക്ഷിക്കാം വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2024 ജനുവരി 16 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2023 മെയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2023 ഡിസംബർ 19, 20, 21 തീയതികളിൽ റീവാല്യുവേഷൻ ഇ.ജെ. X (പത്ത്) വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്.

## മാജിക് അക്കാദമിയിൽ ഡി.എം.എ., സി.എം.എ. കോഴ്സുകളുടെ പുതിയ ബാച്ച് ആരംഭിക്കുന്നു

തിരുവനന്തപുരം പൂജപ്പുര മാജിക് അക്കാദമിയിൽ ഡിപ്ലോമ ഇൻ മാജിക്കൽ ആർട്ട്, സർട്ടിഫിക്കറ്റ് ഇൻ മാജിക്കൽ ആർട്ട് എന്നീ കോഴ്സുകളുടെ പുതിയ ബാച്ച് ജനുവരിയിൽ ആരംഭിക്കും. കേരളസർവകലാശാല തുടർ വിദ്യാഭ്യാസ കേന്ദ്രവും (CACEE) മാജിക് അക്കാദമിയും സംയുക്തമായാണ് കോഴ്സ് നടത്തുന്നത്. എസ്.എസ്.എൽ.സി. യോ തത്തുല്യമോ പാസായവർക്ക് സി.എം.എ. യ്ക്കും കേരളസർവകലാശാലയുടെ സർട്ടിഫിക്കറ്റ് ഇൻ മാജിക്കൽ ആർട്ട് കോഴ്സ് പാസായവർ അതല്ലെങ്കിൽ ഒരു വർഷം മാജിക് രംഗത്ത് പ്രവർത്തിച്ച് പരിചയമുള്ളവർ എന്നിവർക്ക് ഡിപ്ലോമ കോഴ്സിനും അപേക്ഷിക്കാവുന്നതാണ്. കുറഞ്ഞ പ്രായപരിധി 18 വയസ്സ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2023 ജനുവരി 31. കൂടുതൽ വിവരങ്ങൾക്ക് 0471-2358910, 9446078535 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries[helpdesk@keralauniversity.ac.in](mailto:helpdesk@keralauniversity.ac.in)/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**